

# `qan-s¡mcp Nc-a-KoXw



Dr.SHEEBA A.C
ASSISTANT PROFESSOR
DEPT.OF MALAYALAM
LITTLE FLOWER COLLEGE,GURUVAYOOR





H. F³.hn. lpdp,v

# ഒറ്റപ്ലാക്കൽ നീലകണ്ഠൻവേലുകുറുപ്പ്
ഒ.എൻ.വി കുറുപ്പ് (27/05/1931 – 13/02/2016)

- മലയാളത്തിലെ പ്രശസ്ത കവി
- ജനനം: 27 മെയ് 1931
- 1982 മുതൽ 1987 വരെ കേന്ദ്ര സാഹിത്യ അക്കാദമി അംKw
- കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ
- 2007-ലെ ജ്ഞാനപീഠ പുരസ്കാരം
- പത്മശ്രീ (1998)
- പത്മവിഭൂഷൺ (2011)
- സിനിമ, നാടകw ടെലിവിഷൻ സീരിയലുകൾ നൃത്തശിൽപങ്ങൾ– ഗാനങ്ങൾ രചിച്ചിട്ടുണ്ട്.
- വാർദ്ധക്യസഹജമായ അസുഖങ്ങളെത്തുടർന്ന് 2016 ഫെബ്രുവരി 13-ന് തിരുവനന്തപുരത്തുവച്ച് അന്തരിച്ചു.

# കവിതാ സമാഹാരങ്ങൾ

- <u>ഭൂമിക്ക് ഒരു ചരമഗീതം</u>
- പൊരുതുന്ന സൗന്ദര്യം
- സമരത്തിന്റെ സന്തതികൾ
- ഞാൻ നിന്നെ സ്നേഹിക്കുന്നു
- മാറ്റുവിൻ
- ദാഹിക്കുന്ന പാനപാത്രം
- ഒരു ദേവതയും രണ്ട് ചക്രവർത്തിമാരും
- ഗാനമാല
- നീലക്കണ്ണുകൾ
- മയിൽപ്പീലി
- അക്ഷരം
- ഒരു തുള്ളി വെളിച്ചം
- കറുത്ത പക്ഷിയുടെ പാട്ട്
- കാറൽമാർക്സിന്റെ കവിതകൾ
- ഞാൻ അഗ്നി
- അരിവാളും രാക്കുയിലും
- *Aán-i-e-`*ഓ[illegible]
- മൃഗയ
- വെറുതെ
- *D,v*
- അപരാഹ്നം
- ഭൈരവന്റെ തുടി
- ശാർങ്ഗകപ്പക്ഷികൾ
- ഉജ്ജയിനി
- മരുഭൂമി
- നാലുമണിപ്പൂക്കൾ
- തോന്ന്യാക്ഷരങ്ങൾ
- നറുമൊഴി
- വളപ്പൊട്ടുകൾ
- ഈ പുരാതന കിന്നരം
- സ്നേഹിച്ചു തീരാത്തവർ
- സ്വയംവരം
- അർദ്ധവിരാമകൾ
- ദിനാന്തം
- സൂര്യന്റെ മരണം


# പഠനങ്ങൾ

- കവിതയിലെ പ്രതിസന്ധികൾ
- കവിതയിലെ സമാന്തര രേഖകൾ
- എഴുത്തച്ഛൻ
- പാഥേയം

# ഒ.എൻ.വിയുടെ ശ്രദ്ധേയങ്ങളായ ചലച്ചിത്രഗാനങ്ങൾ

- ഇന്ദുപുഷ്പം ചൂടിനിൽക്കും (മികച്ച ഗാനരചയിതാവിനുള്ള ദേശീയ ചലച്ചിത്ര പുരസ്ക്കാരം)
- ഇന്ദ്രനീലിമയോലും... (മികച്ച ഗാനരചയിതാവിനുള്ള ദേശീയ ചലച്ചിത്ര പുരസ്ക്കാരം)
- ആരെയും ഭാവ ഗായകനാക്കും...
- ആത്മാവിൽ മുട്ടിവിളിച്ചതുപോലെ...
- ഒരു ദലം മാത്രം വിടർന്നൊരു....
- ശ്യാമസുന്ദരപുഷ്പമേ.....
- സാഗരങ്ങളേ....
- നീരാടുവാൻ നിളയിൽ....
- കേവല മർത്ത്യഭാഷ കേൾക്കാത്ത....
- മഞ്ഞൾ പ്രസാദവും നെറ്റിയില് ചാർത്തി....
- ശരദിന്ദുമലർദീപ നാളം നീട്ടി...
- ഓർമകളേ കൈവള ചാർത്തി.........
- അരികിൽ നീയുണ്ടായിരുന്നെങ്കിൽ...........
- വാതിൽപ്പഴുതിലൂടെൻ മുന്നിൽ.....
- ആദിയുഷസന്ധ്യപൂത്തതിവിടെ...
- ഒരു വട്ടം കൂടിയെൻ ഓർമ്മകൾ മേയുന്ന

# `qan-s¡mcp Nc-a-KoXw



tIcfw ssZh-¯nsâ
kz´w \mSv



amac§Ä

amaeIÄ

]pg-IÄ
\Zn-IÄ

XSmI-§Ä

kap{Z§Ä

hb-epIÄ

ka-X-e-§Ä

# ഭൂമിയ്ക്കൊരു ചരമഗീതം

ഇനിയും മരിക്കാത്ത ഭൂമി! നിന്നാസന്ന-
മൃതിയില് നിനക്കാത്മശാന്തി!
ഇത് നിന്റെ (എന്റെയും) ചരമശുശ്രൂഷയ്ക്ക്
ഹൃദയത്തിലിന്നേ കുറിച്ച ഗീതം.

മൃതിയുടെ കറുത്ത വിഷപുഷ്പം വിടര്ന്നതിന്-
നിഴലില് നീ നാളെ മരവിക്കേ,
ഉയിരറ്റ നിന്മുഖത്തശ്രു ബിന്ദുക്കളാല്
ഉദകം പകര്ന്നു വിലപിക്കാന്
ഇവിടെയവശേഷിക്കയില്ലാരു, മീ ഞാനും!
ഇതു നിനക്കായ് ഞാന് കുറിച്ചീടുന്നു;
ഇനിയും മരിക്കാത്ത ഭൂമി! നിന്നാസന്ന-
മൃതിയില് നിനക്കാത്മശാന്തി!

പന്തിരുകുലം പെറ്റ പറയിക്കുമമ്മ നീ
എണ്ണിയാല് തീരാത്ത,
തങ്ങളിലിണങ്ങാത്ത
സന്തതികളെ നൊന്തു പെറ്റു!
ഒന്നു മറ്റൊന്നിനെ കൊന്നുതിന്നുന്നത്
കണ്ണാലെ കണ്ടിട്ടുമൊരുവരും കാണാതെ
കണ്ണീരൊഴുക്കി നീ നിന്നൂ!
പിന്നെ, നിന്നെത്തന്നെയല്പാല്പമായ്ത്തിന്നു
തിന്നവര് തിമിര്ക്കവേ ഏതും വിലക്കാതെ
നിന്നു നീ സര്വംസഹയായ്!

ഹരിതമൃദുകഞ്ചുകം തെല്ലൊന്നു നീക്കി നീ-
യരുളിയ മുലപ്പാല് കുടിച്ചു തെഴുത്തവര്-
ക്കൊരു ദാഹമുണ്ടായ് (ഒടുക്കത്തെ ദാഹം!)-
തിരുഹൃദയ രക്തം കുടിക്കാന്!
ഇഷ്ടവധുവാം നിന്നെ സൂര്യനണിയിച്ചൊരാ-
ചിത്രപടകഞ്ചുകം ചീന്തി
നിന് നഗ്നമേനിയില് നഖം താഴ്ത്തി മുറിവുകളില്-
നിന്നുതിരും ഉതിരമവര്മോന്തി
ആടിത്തിമര്ക്കും തിമിര്പ്പുകളിലെങ്ങെങ്ങു-
മാര്ത്തലക്കുന്നു മൃദുതാളം

അറിയാതെ ജനനിയെപ്പരിണയിച്ചൊരു യവന-
തരുണന്റെ കഥയെത്ര പഴകീ
പുതിയ കഥയെഴുതുന്നു വസുധയുടെ മക്കളിവര്
വസുധയുടെ വസ്ത്രമുരിയുന്നു!
വിപണികളിലവ വിറ്റുമോന്തുന്നു, വിട നഗര-
മഴുമുനകള് കേളി തുടരുന്നു!
കത്തുന്ന സൂര്യന്റെ കണ്ണുകളില്നിന്നഗ്നി
വര്ഷിച്ചു രോഷമുണരുന്നു!
ആടിമുകില്മാല കുടിനീര് തിരയുന്നു!
ആതിരകള് കുളിരു തിരയുന്നു.
ആവണികളൊരു കുഞ്ഞുപൂവ് തിരയുന്നു!
ആറുകളൊഴുക്ക് തിരയുന്നു!

നീ, യെന്റെ രസനയില് വയമ്പും നറും തേനു-
മായ് വന്നൊരാദ്യാനുഭൂതി!
നീ, എന്റെ തിരി കെടും നേരത്ത് തീര്ത്ഥകണ-
മായലിയുമന്ത്യാനുഭൂതി! സര്ഗലയതാളങ്ങള്
തെറ്റുന്നു, ജീവരഥ-
ചക്രങ്ങള് ചാലിലുറയുന്നു!
ബോധമാം നിറനിലാവൊരു തുള്ളിയെങ്കിലും
ചേതനയില് ശേഷിക്കുവോളം
നിന്നില് നിന്നുയിരാര്ന്നൊ-
രെന്നില് നിന്നോര്മകള് മാത്രം!

edited bhoomikoru.mp4

നിന്നില് കുരുക്കുന്ന കറുകയുടെ നിറുകയിലെ
മഞ്ഞുനീര് തുള്ളിയില്പ്പോലും
ഒരു കുഞ്ഞു സൂര്യനുണ്ടതു കണ്ടുദിച്ചിതെന്-
കരളിലൊരു വിസ്മയവിഭാതം!
നിന്റെ തരുനിരകളുടെ തണലുകളില് മേഞ്ഞുപോ-
യെന്നുമെന് കാമമാം ധേനു.
നിന്റെ കടലിന്മീതെയേതോ പ്രവാചകര്
വന്നപോല് കാറ്റുകള് നടന്നൂ.

ആയിരമുണ്ണിക്കനികള്ക്കു തൊട്ടിലും
താരാട്ടുമായ് നീയുണര്ന്നിരിക്കുന്നതും
ആയിരം കാവുകളിലൂഞ്ഞാലിടുന്നതും
ആലിലത്തുമ്പത്തിരുന്നു തുള്ളുന്നതും
അഞ്ചിതല് പൂക്കളായ് കൈയാട്ടി നില്പതും
അമ്പലപ്രാവായി നീ കുറുകുന്നതും
ആയിരം പുഴകളുടെയോളങ്ങളായെന്റെ
ആത്മഹര്ഷങ്ങള്ക്കു താളം പിടിപ്പതും
പൂവാകയായ് പുത്തിലഞ്ഞിയായ് കൊന്നയായ്
പുത്തനാം വര്ണ്ണകുടകള് മാറുന്നതും.
കൂമന്റെ മൂളലായ് പേടിപ്പെടുത്തി നീ
കുയിലിന്റെ കൂകയലായ് പേടിതീര്ക്കുന്നതും
അന്തരംഗങ്ങളില് കളമെഴുതുവാന് നൂറു
വര്ണ്ണങ്ങള് ചെപ്പിലൊതുക്കി വെക്കുന്നതും
സായന്തനങ്ങളെ സ്വര്ണ്ണമാക്കുന്നതും

ചിറകുകളില് സംഗീതമുള്ള കളഹംസമേ!
അരിയ നിന് ചിറകിന്റെ-
യൊരു തൂവലിന് തുമ്പി-
ലൊരു മാത്രയെങ്കിലൊരു മാത്ര, യെന് വാഴ്വന്ന
മധുരമാം സത്യം ജ്വലിപ്പൂ!
അതു കെട്ടുപോകട്ടെ! -- നീയാകുമമൃതവും
മൃതിയുടെ ബലിക്കാക്ക കൊത്തീ...!
മുണ്ഡിതശിരസ്കയായ് ഭ്രഷ്ടയായ് നീ സൗര-
മണ്ഡലപ്പെരുവഴിയിലൂടെ
മാനഭംഗത്തിന്റെ മാറാപ്പുമായി സ-
ന്താന പാപത്തിന്റെ വിഴുപ്പുമായി
പാതിയുമൊഴിഞ്ഞൊരു മനസ്സിലതിതീവ്രമാം
വേദനകള് തന് ജ്വാല മാത്രമായി
പോകുമിപ്പോക്കില് സിരകളിലൂടരി-
ച്ചേറുകയല്ലീ കരാളമൃത്യൂ?....

ഇനിയും മരിക്കാത്ത ഭൂമി ?
ഇതു നിന്റെ മൃതശാന്തി ഗീതം!
ഇതു നിന്റെ (എന്റെയും) ചരമ ശുശ്രൂഷയ്ക്ക്
ഹൃദയത്തിലിന്നേ കുറിച്ച ഗീതം!
ഉയിരറ്റ നിന്മുഖത്തശ്രുബിന്ദുക്കളാല്
ഉദകം പകര്ന്നു വിലപിക്കാന്
ഇവിടെയവശേഷിക്കയില്ല ഞാ, നാകയാല്
ഇതുമാത്രമിവിടെ എഴുതുന്നു.
ഇനിയും മരിക്കാത്ത ഭൂമി! നിന്നാസന്ന-
മൃതിയില് നിനക്കാത്മശാന്തി!
മൃതിയില് നിനക്കാത്മശാന്തി!